(ബി) നിലവാരമുള്ള സിനിമാസ്വാദന സംസ്കാരം സാധാരണക്കാരിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഒന്നോ അതിലധികമോ സ്ക്രീനുകളുള്ള തിയേറ്ററുകളിൽ ടിക്കറ്റ് വരുമാനത്തിന് പുറമേ പരസ്യ, കാന്റീൻ ഇനങ്ങളിലും വരുമാനം ലഭ്യമാകും. വിനോദ നികുതിയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധിക വരുമാനം ലഭ്യമാകും. കെ.എസ്.എഫ്.ഡി.സി.-യുടെ 11 തിയേറ്ററുകളിൽ സിനിമകൾ ചാർട്ടുചെയ്യുന്നതു പോലെ ടി തിയേറ്ററുകളിലും സിനിമകൾ ചാർട്ട് ചെയ്യും. ഇത്തരത്തിൽ തിയേറ്ററുകൾ സ്ഥാപിക്കപ്പെടുന്നതോടെ സംസ്ഥാനത്ത് സിനിമാ പ്രദർശനത്തിൽ സർക്കാരിന് മേധാവിത്തം കൈവരിക്കാനാകുകയും ഗുണനിലവാരമുള്ള സിനിമാ ആസ്വാദനം കുറഞ്ഞ ചെലവിൽ സാധാരണക്കാർക്കും പ്രാപ്യമാകുകയും ചെയ്യും.

(സി & ഡി) ആവശ്യമായ ഭൂമി പാട്ടത്തിനുനൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, കെ.എസ്.എഫ്.ഡി.സി. എന്നിവരുടെ പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ചലച്ചിത്ര അവാർഡും വിവാദങ്ങളും

232 (7795) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണവും അത് സംബന്ധിച്ച വിവാദങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിനിമ കാണാതെയാണ് ജൂറി അവാർഡ് പ്രഖ്യാപനം നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം വിവാദങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ഡി) അടുത്ത വർഷം മുതൽ അവാർഡിനായി സമർപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ മേന്മ പരിശോധിക്കുന്നതിനും ഓരോ ചിത്രത്തേക്കുറിച്ചും ജൂറിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനും സുതാര്യമായ മൂല്യനിർണ്ണയ രീതികൾ സംബന്ധിച്ച അഭിപ്രായരൂപീകരണത്തിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) 2013-ലെ സംസ്ഥാന ചലച്ചിത്ര അവാർഡിനായി രൂപീകരിച്ച ജൂറിയുടെ ചെയർമാൻ എല്ലാ ചിത്രങ്ങളും കണ്ടിട്ടില്ല എന്ന നിലയിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ജൂറി ചെയർമാൻതന്നെ

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിച്ചിട്ടുമുണ്ട്. അവാർഡുകളെക്കുറിച്ച് ഇത്തരം ആക്ഷേപം ഉണ്ടാകുന്നത് വളരെ കൂടുതൽ ചിത്രങ്ങൾ അവാർഡിനായി പരിഗണിക്കേണ്ടിവരുന്ന സാഹചര്യത്തിലായതിനാൽ സംസ്ഥാന അവാർഡ് കൂടുതൽ മൂല്യവത്താക്കുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇക്കാര്യം പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

പന്തൽ, സൗണ്ട് മേഖലകളിൽ പ്രവർത്തിക്കുന്നവരെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

233 (7796) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പന്തൽ, സൗണ്ട് മേഖലകളിൽ പ്രവർത്തിക്കുന്നവരെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് ഈ ആനുകൂല്യം എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുകീഴിലെ രണ്ടാം നിബന്ധനപ്രകാരം, ക്ഷേനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കുന്ന സാംസ്കാരിക പ്രവർത്തകൻ, അയാൾ ടി ആക്ടിന്റെ അർത്ഥ വ്യാപ്തിയിൽപ്പെടുന്ന ഒരു സാംസ്കാരിക പ്രവർത്തകൻ എന്നുള്ളതിന്, ബന്ധപ്പെട്ട അക്കാഡമിയിൽനിന്നോ ട്രേഡ് ബോഡിയിൽനിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും നികായത്തിൽ നിന്നോ, സമാജത്തിൽനിന്നോ ഉള്ള ഒരു ശുപാർശ സർട്ടിഫിക്കറ്റ് ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്. ചലച്ചിത്ര അക്കാഡമി, സംഗീത നാടക അക്കാഡമി, നാടൻകലാ അക്കാഡമി, ലളിത കലാ അക്കാഡമി, സാഹിത്യ അക്കാഡമി, കേരള കലാമണ്ഡലം എന്നിവയാണ് ടി ആക്ട് പ്രകാരം സാംസ്കാരിക പ്രവർത്തകനെ എന്ന് ശുപാർശ ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള അക്കാഡമി/നികായങ്ങൾ. അതോടൊപ്പംതന്നെ, ശുപാർശ ചെയ്യാൻ അധികാരപ്പെട്ട ട്രേഡ് ബോഡി എന്നതിനും വ്യക്തമായ നിർവ്വചനം ടി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ട്രേഡ്ബോഡി എന്നാൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടോ (1860-ലെ 21-ാം കേന്ദ്ര ആക്ട്) തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ടോ (1955-ലെ 12) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സാംസ്കാരിക പ്രവർത്തനം നടത്തുന്ന ഒരു സമാജം എന്നാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്. പന്തൽ, ലൈറ്റ് & സൗണ്ട് എന്നീ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly